കയ്യേറിയ വനഭൂമി ഒഴിപ്പിക്കാൻ സത്വര നടപടി സ്വീകരിക്കുന്നില്ല എന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ട്. പ്രാദേശിക ജനങ്ങളുടെ എതിർപ്പുമൂലവും രാഷ്ട്രീയ സാമൂഹ്യ ഇടപെടലുകൾമൂലവും കയ്യേറ്റം ഒഴിപ്പിക്കുന്നതിന് തടസ്സം നേരിടുന്നുണ്ട്. കൂടാതെ കോടതി വിധികളെ തുടർന്നുണ്ടാകുന്ന തുടർവ്യവഹാരങ്ങളും കയ്യേറ്റം ഒഴിപ്പിക്കുന്നതിന് തടസ്സമായി നിൽക്കുന്നുണ്ട്.

(സി) അനധികൃതമായി കയ്യേറിയ വനഭൂമി തിരിച്ചുപിടിക്കാൻ കഴിഞ്ഞ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ?

വനം കയ്യേറ്റം കണ്ടെത്തിയാൽ അപ്പോൾ തന്നെ ആയത് ഒഴിപ്പിക്കുകയും നിയമങ്ങൾക്ക് വിധേയമായി കയ്യേറ്റക്കാരുടെ പേരിൽ വനം വകുപ്പ് കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

**തർക്ക പരിഹാരത്തിന് റവന്യൂ-വനം സംയുക്ത പരിശോധന**

119(5566) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൂരാച്ചുണ്ട്, ചക്കിട്ടപ്പാറ, കാന്തലാട് വില്ലേജുകളിലെ കർഷകരുടെ ഭൂമിയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന തർക്കങ്ങൾ റവന്യൂ, വനം വകുപ്പുകളുടെ സംയുക്ത പരിശോധനയിലൂടെ പരിഹരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കോഴിക്കോട് ഡിവിഷനിലെ പെരുവണ്ണാമൂഴി റേഞ്ചിലെ വിവിധ ഭാഗങ്ങളിലെ വനഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നമാണിത്. കൂരാച്ചുണ്ട്, കാന്തലാട്, ചെമ്പനോട് (ചക്കിട്ടപ്പാറ) ഭാഗങ്ങളിലെ കൈവശക്കാരുമായി നിലനിൽക്കുന്ന തർക്കങ്ങളാണ് പ്രധാനമായും ഇതിൽ വരുന്നത്. വെസ്റ്റഡ് ഫോറസ്റ്റായി നോട്ടിഫൈ ചെയ്തിട്ടുള്ള വനഭാഗങ്ങളാണ് ചിലർ കൈവശം വച്ചുവരുന്നത്. ഇതിനാൽ അവിടങ്ങളിൽ നികുതി സ്വീകരിക്കാൻ പറ്റുന്നില്ല എന്നതാണ് പരാതി. മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ ചില സ്ഥലങ്ങൾക്ക് പട്ടയം നൽകപ്പെട്ടതായി കാണുന്നുണ്ട്. 1-1-1977-ന് മുമ്പുള്ള വനം കയ്യേറ്റങ്ങൾ റഗുലറൈസ് ചെയ്യുന്നതിനും 1-1-1977-ന് ശേഷമുള്ള വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുള്ളതാണ്. ആയതിനായി 1-1-1977-ന് മുമ്പും ശേഷവുമുള്ള വനം കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിനായി സംയുക്ത പരിശോധന നടത്താൻ 31-8-1989-ലെ GO(MS)655/89/RD പ്രകാരം സർക്കാർ ഉത്തരവാകുകയുണ്ടായി. ഇതിനനുസരിച്ച് കോഴിക്കോട് ഡിവിഷനിൽ 1991-92 കാലയളവിൽ സംയുക്ത പരിശോധന നടത്തുകയും 626 പേരുടെ അപേക്ഷകളിൽ 527.5527 ഹെക്ടർ സ്ഥലത്ത് സർവ്വേ

LIBRARY ARCHIVES Kerala Legislative Assembly

നടത്തുകയുമുണ്ടായി. ആയതിൽ 62.041 ഹെക്ടർ 1-1-1977-ന് മുമ്പുള്ള കയ്യേറ്റമായും 125.315 ഹെക്ടർ 1-1-1977-ന് ശേഷമുള്ള കയ്യേറ്റമായും കണ്ടെത്തിയിട്ടുണ്ട്. 1-1-1977-ന് മുമ്പ് സംയുക്ത പരിശോധനയിൽ കണ്ടെത്തിയ വനം കയ്യേറ്റങ്ങൾ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം റെഗുലറൈസ് ചെയ്യുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണറെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. പെരുവണ്ണാമൂഴി റേഞ്ചിലെ ജോയിന്റ് വെരിഫിക്കേഷൻ റിക്കോർഡ് കോഴിക്കോട് ഡിവിഷൻ ഓഫീസിലോ കളക്ടറേറ്റിലോ റവന്യൂ ഡിവിഷണൽ ഓഫീസിലോ ലഭ്യമല്ല. 1-1-1977-നുശേഷമുള്ള വനം കയ്യേറ്റങ്ങൾ ഒഴിപ്പിച്ചാൽ മാത്രമേ 1-1-1977-നുമുമ്പുള്ള വനം കയ്യേറ്റങ്ങൾ റഗുലറൈസ് ചെയ്യാൻ സാധിക്കുകയുള്ളൂ എന്നതിനാൽ ഇത്തരം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായി. 4-9-2015-ലെ WP(c)18407/02, ഒ.പി-1947/2007 കേസ്സുകളിലെ ഉത്തരവ് പ്രകാരം 1-1-1977-ന് ശേഷമുള്ള എല്ലാ വനം കയ്യേറ്റങ്ങളും ഒഴിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുള്ളതുമാണ്. ഇതുവരെ ഇത്തരത്തിലുള്ള 49.643 ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്. ഒഴിപ്പിക്കാൻ ബാക്കിയുള്ള വനം കയ്യേറ്റത്തിന്റെ വിസ്തൃതി 75.672 ഹെക്ടറാണ്. ഇതിൽ ക്ലൂരാച്ചുണ്ട്, കാന്തലാട്, ചെമ്പനോട് ഭാഗങ്ങളിൽ 60.322 ഹെക്ടർ കയ്യേറ്റമാണ് കണ്ടെത്തിയിട്ടുള്ളത്. 2-7-2021-ന് കോഴിക്കോട് വച്ച് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ യോഗത്തിൽ കർഷകർ കൈവശം വച്ചുവരുന്ന ഭൂമിയുടെ അളവ് കണക്കാക്കി അവരുടെ രേഖകൾ പരിശോധിച്ച് നിയമാനുസൃതമായ തീരുമാനമെടുക്കാമെന്ന കാര്യത്തിൽ ധാരണയിലെത്തിയിട്ടുണ്ട്. ആയതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. അതുപോലെ 1-1-1977-നു മുമ്പുള്ള കയ്യേറ്റങ്ങൾ ക്രമപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കാൻ റവന്യൂ വകുപ്പിന് ടി യോഗത്തിൽ നിർദ്ദേശം നൽകിയിരുന്നു. ആയതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നുണ്ട്.

**നിലമ്പൂരിൽ റോഡ് നവീകരണത്തിന് വന ഭൂമി**

120(5567) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഫോറസ്റ്റ് ഡിവിഷണൽ ഓഫീസുകൾ സ്ഥിതി ചെയ്യുന്ന ഭാഗത്ത് കെ.എൻ.ജി. റോഡിനോട് ചേർന്നുള്ള റോഡ് നവീകരിക്കുന്നതിന് രണ്ട് മീറ്റർ വീതിയിൽ വനം വകുപ്പിന്റെ സ്ഥലം അനുവദിക്കണമെന്ന പൊതുമരാമത്ത് വകുപ്പിന്റെ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly